
# പാഠം 2



## ഒരു അഭ്യസന വിഷയം

***സൃഷ്ടിതാവായ ദൈവം എല്ലാ ശക്തികളെക്കാളും ശക്തനാണ്***

## വേദപുസ്തക കഥ

***സൃഷ്ടിതാവായ ദൈവം എല്ലാ ശക്തികളെക്കാളും ശക്തനാണ് എന്ന് പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക***

സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെ ക്കാളും ശക്തനാണ്

**സദ്വർത്തമാന കഥാ പുസ്തകം ഒന്ന്. പേജുകൾ 10-13.** *ഏറ്റവും ബലവാൻ.*

*സദ്വർത്തമാന കഥാ പുസ്തകം ഒന്ന്* പേജുകൾ 10-13 വരെയയുള്ള പേജുകളിൽ നിന്ന് കുട്ടികൾക്ക് കഥ വായിച്ച് കൊടുക്കുക. വായിക്കുമ്പോൾ പുസ്തകത്തിലുള്ള ചിത്രങ്ങൾ കാണിച്ച് കൊടുക്കുക.

നിങ്ങൾ കഥ വായിച്ച് കഴിഞ്ഞാൽ പിന്നീട് കുട്ടികളുടെ ഊഴമാണ്.

**കുട്ടികൾ കഥ ആവർത്തിക്കുന്നു:** ഓരോ കുട്ടിക്കും 1, 2 എന്ന ക്രമത്തിൽ സംഖ്യകൾ കൊടുക്കുക.1 എന്ന സംഖ്യ ലഭിച്ച കുട്ടി, 2 എന്ന സംഖ്യ കിട്ടിയ ഒരു കുട്ടിയുമായി ജോടിയായി വരണം. 1 എന്ന് സംഖ്യ കിട്ടിയ ഓരോ കുട്ടിയും 2 എന്ന സംഖ്യ കിട്ടിയ തങ്ങളുടെ ജോടിയായ കുട്ടിയോട് കഥ ആവർത്തിക്കണം. അവർ പറഞ്ഞു തീർന്നതിനുശേഷം, 2 എന്ന് സംഖ്യ കിട്ടിയ ഓരോ കുട്ടിയും, 1 എന്ന സംഖ്യ കിട്ടിയ ജോടിയായി കുട്ടിയോട് കഥ ആവർത്തിക്കണം. എല്ലാവരും പറഞ്ഞതിന് ശേഷം എല്ലാവരും ഒരു കൂട്ടമായി ഒന്നിച്ചു വരണം.

### ചോദ്യോത്തര മത്സരം

കുട്ടികളോട് കഥയെകുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുക. കുട്ടികളെ രണ്ടു ടീമുകളാക്കുക. ഒന്നാമത്തെ ടീമിനോട് ഒരു ചോദ്യം ചോദിക്കുക. ഒന്നാമത്തെ ടീമിലെ കുട്ടികൾ എല്ലാം ചേർന്ന് ഒരു ഉത്തരം തീരുമാനിക്കണം. അവർ ശരിയായ ഉത്തരം നൽകിയാൽ ആ ടീമിന് ഒരു പോയിന്റ് കൊടുക്കണം. എന്നാൽ ഒന്നാമത്തെ ടീം ശരിയായ ഉത്തരം നല്കിയില്ലെങ്കിൽ അതേ ചോദ്യം രണ്ടാമത്തെ ടീമിനോട് ചോദിക്കുക. രണ്ടാമത്തെ ടീമിലെ കുട്ടികൾ എല്ലാം ചേർന്ന് ഒരു ഉത്തരം തീരുമാനിക്കണം. അവർ ശരിയായ ഉത്തരം നല്കിയാൽ ആ ടീമിന് ഒരു പോയിന്റ് നല്കുക.

# പാഠം 2



പോയിന്റുകൾ ഒരുമിച്ച് കൂട്ടി എഴുത്ത് ബ്ലാക്ക് ബോർഡിലോ ഒരു കടലാസ്സിലോ എഴുതുക.

രണ്ടാമത്തെ ടീമിനോട് കഥയെക്കുറിച്ച് മറ്റൊരു ചോദ്യം ചോദിക്കുക. രണ്ടാമത്തെ ടീമിലെ കുട്ടികൾ എല്ലാം ചേർന്ന് ഒരു ഉത്തരം തീരുമാനിക്കണം. അവർ ശരിയായ ഉത്തരം നല്കിയാൽ ആ ടീമിന് ഒരു പോയിന്റ് നല്കുക. എന്നാൽ രണ്ടാമത്തെ ടീം ശരിയായ ഉത്തരം നല്കിയില്ലെങ്കിൽ അതേ ചോദ്യം ഒന്നാമത്തെ ടീമിനോട് ചോദിക്കുക. ഒന്നാമത്തെ ടീമിലെ കുട്ടികൾ എല്ലാം ചേർന്ന് ഒരു ഉത്തരം തീരുമാനിക്കണം. അവർ ശരിയായ ഉത്തരം നല്കിയാൽ ആ ടീമിന് ഒരു പോയിന്റ് നല്കുക.

അങ്ങനെ ഓരോ ടീമിനോടും മാറി മാറി കഥയെ കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുക.

ഒരു കുട്ടി തെറ്റായ ഉത്തരം പറഞ്ഞാൽ കൊള്ളാം, നല്ല ശ്രമം നടത്തി, എന്നാൽ ഞാൻ ഉദ്ദേശിച്ച ഉത്തരം അതല്ലായിരുന്നു എന്ന് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക. എന്നാൽ ഒരു കുട്ടി ശരിയായ ഉത്തരം പറഞ്ഞാൽ കൊള്ളാം! നന്നായി പറഞ്ഞു എന്ന് പറയുക!

നിങ്ങൾക്ക് ചോദിക്കുവാൻ പറ്റിയ ചോദ്യങ്ങൾ ഉത്തരങ്ങളോടുകൂടെ താഴെ നൽകുന്നു.

**ആരാണ് 'ഞാൻ സൃഷ്ടിതാവായ ദൈവത്തെ പ്പോലെ ആകും' എന്ന് പറയുന്നത്?**
അശുദ്ധ ആത്മാവ്.

സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെക്കാളും ശക്തനാണ്

**ഈ നാടകത്തിൽ നിന്ന് നാം എന്താണ് പഠിക്കുന്നത്?**
സൃഷ്ടിതാവായ ദൈവമാണ് ഏറ്റവും ശക്തൻ.

**എവിടെയാണ് ഈ ആത്മാക്കളുടെ യുദ്ധം നടക്കുന്നത്?**
ആകാശത്തിൽ.


**സൃഷ്ടിതാവായ ദൈവം എന്തുക്കൊണ്ടാണ് ഏറ്റവും ശക്തൻ?**
അവനാണ് സകലവും സൃഷ്ടിച്ചത് അതുകൊണ്ട് അവൻ ഏറ്റവും ശക്തനാണ്.

**സൃഷ്ടാവായ ദൈവം ഏറ്റവും ശക്തനെന്ന് അറിയുന്നത് നമുക്ക് എങ്ങനെ സഹായകരമാകുന്നു?**
സൃഷ്ടാവായ ദൈവം ശക്തനെന്ന് അറിയുന്നു എന്നത് അർത്ഥമാക്കുന്നത് അശുദ്ധാത്മാവിനും യാതൊരു അശുദ്ധാത്മാക്കൾക്കും എന്റെമേൽ അധികാരം ഇല്ല എന്നാണ്. ഞാൻ സൃഷ്ടാവായ ദൈവത്തിനുമാത്രം പാടും.

# പാഠം 2

## നാട്യ ഗാനം

***സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെക്കാളും ശക്തനാണ് എന്നു പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***



സ്രഷ്ടാവാം ദൈവം, എറ്റവും ശക്തിമാൻ (x3)
ശക്തിമാൻ, ശക്തിമാൻ, ശക്തിമാൻ, എറ്റവും ശക്തിമാൻ!
ചീത്ത ആത്മാക്കൾക്കു, ശക്തിയില്ല (x3)
ശക്തിയില്ല, ശക്തിയില്ല, ശക്തിയില്ല, ശക്തിയില്ല!
സ്രഷ്ടാവാം ദൈവം, എറ്റവും ശക്തിമാൻ, എറ്റവും ശക്തിമാൻ, എറ്റവും ശക്തിമാൻ (x3)
ശക്തിമാൻ, ശക്തിമാൻ, ശക്തിമാൻ, എറ്റവും ശക്തിമാൻ

## ദൃഷ്ടാന്ത പാഠം

***സൃഷ്ടിതാവായ ദൈവം എല്ലാ ശക്തികളെക്കാളും ശക്തനാണ് എന്നു പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

കൂട്ടത്തിൽ ഏറ്റവും ചെറിയ ആൺകുട്ടിയും ഏറ്റവും വലിയ ആൺകുട്ടിയും തമ്മിലോ അല്ലെങ്കിൽ ഏറ്റവും ചെറിയ പെൺകുട്ടിയും ഏറ്റവും വലിയ പെൺകുട്ടിയും തമ്മിലോ മൽപിടിത്തം നടത്തുക. ഏറ്റവും ശക്തൻ ജയിക്കുന്നത് കാണിക്കുക. സൃഷ്ടാവായ ദൈവം ഏറ്റവും ശക്തനും എപ്പോഴും ജയിക്കുന്നവനും എന്ന് കുട്ടികളോട് വിവരിക്കുക. അശുദ്ധാത്മാക്കൾ തോൽപ്പിക്കപ്പെട്ടിരിക്കുന്നു. അവർ യുദ്ധത്തിൽ തോറ്റിരിക്കുന്നു.

## വേദവചന മനഃപാഠ വാക്യ കളി

***സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെക്കാളും ശക്തനാണ് എന്ന് പഠിപ്പിക്കുന്ന വേദഭാഗ മനഃപാഠ വാക്യം ഉപയോഗിക്കുക***

**വെളിപ്പാട് 12:8** *'എന്നാല് മഹാസർപ്പം (ദുരാത്മാവ്) അത്രശക്തനായിരുന്നില്ല. മഹാസർപ്പത്തിനും കൂട്ടർക്കും (ദുരാത്മാവ്) സ്വർഗ്ഗത്തിലെ അവരുടെ (ദുരാത്മാവ്) സ്ഥ ലം നഷ്ടപ്പെട്ടു.'*

സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെ ക്കാളും ശക്തനാണ്

**രഹസ്യ ചിത്ര വാക്കുകൾ:** കുട്ടികൾ വായിക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ വാക്കുകൾക്ക് പകരം ചിത്രീകരണം ഉപയോഗിക്കാം. ഒരു കടലാസ്സിൽ മനഃപാഠ വേദവാക്യത്തിന്റെ ഒരു വാക്ക് എഴുതുക. മറ്റൊരു കടലാസ്സിൽ (അതേ വലിപ്പത്തിലുള്ള) മനഃപാഠ വേദവാക്യത്തിന്റെ മറ്റൊരു വാക്ക് എഴുതുക. മറ്റൊരു കടലാസ്സിൽ (അതേ വലിപ്പത്തിലുള്ള) മനഃപാഠ വേദവാക്യത്തിന്റെ മറ്റൊരു വാക്ക് എഴുതുക. മനഃപാഠ വേദവാക്യത്തിന്റെ വാക്കുകൾ തീരുന്നതുവരെ ഓരോ കടലാസ്സിൽ എഴുതുക. 'അത്ര' 'ശക്തനായിരുന്നില്ല' എന്നീ വാക്കുകൾ എഴുതിയ കടലാസ്സുകൾ ഒഴിച്ച് മറ്റെല്ലാ കടലാസ്സുകളിലും ചെറിയ അക്ഷരത്തിൽ 5 പോയിന്റെന്ന് എഴുതുക.  ഈ വാക്കുകൾ എഴുതിയ കടലാസ്സിൽ 30 പോയിന്റെന്ന് എഴുതുക.

# പാഠം 2

ഈ കടലാസ്സുകളെല്ലാം പോയിന്റും വാക്കുകളും കാണാതെ മറുപുറം തിരിച്ച് വയ്ക്കുക.

കുട്ടികളെ രണ്ട് ടീം ആക്കുക. ഒരു കുട്ടിയെ കൂട്ടത്തിൽ ഒരു കടലാസ്സ് എടുക്കുവാനായി ആക്കുക. ആ കടലാസ്സിന്റെ മറുവശത്ത് എഴുതിയിരിക്കുന്ന പോയിന്റ് ആ ടീമിന് നൽകുക.

പോയിന്റുകളെല്ലാം കുട്ടി എഴുതുവാനുള്ള ബ്ളാക്ക് ബോർഡിലോ ഒരു കടലാസ്സിലോ എഴുതുക.

ഒരു കുട്ടിയെ കൂട്ടത്തിൽ ഒരു കടലാസ്സ് എടുക്കുവാനായി ആക്കുക. ആ കടലാസ്സിന്റെ മറുവശത്ത് എഴുതിയിരിക്കുന്ന പോയിന്റ് ആ ടീമിന് നൽകുക. വാക്യം മുഴുവൻ തീരുന്നത് വരെ ഓരോ ടീമിനും മാറി മാറി അവസരം കൊടുക്കുക.

സൃഷ്ടിതാവായ ദൈവം മറ്റെല്ലാ ശക്തികളെക്കാളും ശക്തനാണ്

ഈ വാക്യം ശരിയായ രീതിയിൽ ചേർക്കുവാൻ ആർക്കുകഴിയും എന്ന് ചോദിക്കുക. (ആദ്യം കൈ ഉയർത്തുന്ന ആൾ) ശരിയായി ചെയ്യുവാൻ കഴിഞ്ഞെങ്കിൽ 10 പോയിന്റ് കൂടുതൽ ബോണസായി നൽകുക. ജയിച്ച ടീമിനെ ഒരുമിച്ച് കൊണ്ടുവരിക.

കുട്ടികൾ ഇതുവരെ എങ്ങനെ വായിക്കണമെന്ന് പഠിച്ചില്ലെങ്കിൽ നിങ്ങൾ തന്നെ വാക്കുകൾ ശരിയായി ചേർത്ത് കുട്ടികൾക്ക് മനഃപാഠമാക്കുവാനായി വേദവാക്യം പറഞ്ഞു കൊടുക്കുക.

എല്ലാവരും കൈകൾ അടിച്ച് ജയിച്ച ടീമിനെ ഉത്സാഹപ്പെടുത്തുക. കുട്ടികൾക്ക് കാണുവാനായി ഈ കടലാസ്സുതുണ്ടുകൾ ശരിയായി ചേർത്തുവയ്ക്കുക.

## പ്രായോഗിക പ്രയോജനം

***സൃഷ്ടിതാവായ ദൈവം എല്ലാ ശക്തികളെക്കാളും ശക്തനാണ് എന്നു പഠിപ്പിക്കുന്ന പ്രായോഗികമായി പ്രയോജനമുള്ള കാര്യങ്ങൾ ഉപയോഗിക്കുക***

സൃഷ്ടാവായ ദൈവം ശക്തനെന്ന് അറിയുന്നു എന്നത് അർത്ഥമാക്കുന്നത് അശുദ്ധാത്മാവിനും യാതൊരു അശുദ്ധാത്മാക്കൾക്കും എന്റെ മേൽ അധികാരം ഇല്ല എന്നാണ്. ഞാൻ സൃഷ്ടാവായ ദൈവത്തിന് മാത്രം പാടും.

**പ്രാർത്ഥന:** സൃഷ്ടാവാം ദൈവമേ അങ്ങ് ഏറ്റവും ശക്തനാകയാൽ നന്ദി. ഞാൻ അങ്ങേയ്ക്കായി മാത്രം പാടുന്നതിനും നന്ദി, അശുദ്ധാത്മാവിനും യാതൊരു അശുദ്ധാത്മാക്കൾക്കും എന്റെമേൽ അധികാരം ഇല്ല, കാരണം അങ്ങ് ഏറ്റവും ശക്തനാണ്. അങ്ങ് എനിക്കായി യുദ്ധം ചെയ്ത് ജയിച്ചിരിക്കുന്നു. ആമേൻ.